**കേരള സർക്കാർ**

# മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

**മെഡിക്കൽ കോളേജ് കാമ്പസ്, തിരുവനന്തപുരം**

## പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാലിറ്റി നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനം 2024-25

**No: B6 /1730 /DME** **തീയതി: 01.07.2024**

**വിജ്ഞാപനം**

**സൂചിക: G.O. (MS) No.123/2024/H&FWD Dated 24.06.2024**

**1. ആമുഖം**

1.1 തിരുവനന്തപുരം, കണ്ണൂർ ഗവൺമെന്റ് നഴ്സിംഗ് കോളേജുകളിൽ നടത്തിവരുന്ന കാർഡിയോ തൊറാസിക്ക് നേഴ്സിംഗ്, ക്രിറ്റിക്കൽ കെയർ നേഴ്സിംഗ്, എമർജൻസി & ഡിസാസ്റ്റർ നേഴ്സിംഗ്, നിയോനേറ്റൽ നേഴ്സിംഗ്, നേഴ്സ് മിഡ്വൈഫറി പ്രാക്റ്റീഷണർ എന്നീ പോസ്റ്റ് ബേസിക് ഡിപ്ലോമ നഴ്സിംഗ് കോഴ്സുകൾക്ക് 2024–25 വർഷത്തെ പ്രവേശനത്തിന് സൂചിക സർക്കാർ ഉത്തരവു മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. പ്രോസ്പെക്ടസ്സ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2024 ജൂലൈ 3 മുതൽ 2024 ജൂലൈ 20 വരെ ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻഫോറം ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഫെഡറൽ ബാങ്കിന്റെ ശാഖകയിലൂടെയോ അപേക്ഷാഫീസ് ഒടുക്കാവുന്നതാണ്. തുടർന്ന് അപേക്ഷാനമ്പർ, ചെല്ലാൻ നമ്പർ ഇവ ഉപ യോഗിച്ച് അപേക്ഷാഫോറം ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

1.2 **പ്രവേശനം ലഭിക്കുന്ന അപേക്ഷകർക്ക് പഠന കാലയളവിൽ പ്രതിമാസം 7000/- രൂപ നിരക്കിൽ സ്റ്റൈപന്റ് ലഭിക്കുന്നതാണ്.**

1.3 സർവ്വീസ് ക്വാട്ടയിലേയ്ക്ക് അപേക്ഷകരെ തിരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട വകുപ്പ് അദ്ധ്യ ക്ഷൻ (DME/DHS/IMS) സാക്ഷ്യപ്പെടുത്തുന്ന സർവ്വീസ് സീനിയോരിറ്റിയുടെയും വിദ്യാ ഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിലായിക്കും. ഇവർ പ്രവേശനപരീക്ഷയ്ക്ക് 40% മാർക്ക് നേടിയിരിക്കണം. സ്കിൽ ടെസ്റ്റ് പാസ്സാവുകയും വേണം. സർവ്വീസ് ക്വാട്ട അപേ ക്ഷകർക്ക് ഡപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

**1.4 കോഴ്സ് ദൈർഘ്യം 12 മാസമായിരിക്കും.**

**2. ജനനം:–**

2.1 മറിച്ചൊരു നിർദ്ദേശമില്ലെങ്കിൽ ഭാരതീയരായ കേരളവംശജർക്കു മാത്രമേ ഈ പ്രൊഫഷ ണൽ കോഴ്സ് പ്രവേശനത്തിന് അർഹതയുള്ളു. പ്രവേശനത്തിന്റെ പരിമിതമായ ആവശ്യ ത്തിനായി 5 വർഷത്തിൽ കുറയാതെ കേരളത്തിൽ താമസിച്ചിരുന്നവരെയും കേരളവംശ ജർക്കു തുല്യരായി പരിഗണിക്കുന്നതാണ്.

**3. വിദ്യാഭ്യാസയോഗ്യത**

അപേക്ഷകർ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഐശ്ചിക വിഷയമായി എടുത്ത് പ്ലസ് ടു പരീക്ഷ പാസ്സായിരിക്കണം കൂടാതെ റഗുലർ ആയി പഠിച്ച ഇൻഡ്യൻ നേഴ്സിംഗ് കൗൺസിലും ബന്ധപ്പെട്ട സ്റ്റേറ്റ് കൗൺസിലും അംഗീകരിച്ച GNM കോഴ്സ് പരീക്ഷ 50%

മാർക്കോടെ പാസ്സായിരിക്കണം അല്ലെങ്കിൽ പോസ്റ്റ് ബേസിക് ബി.എസ്.സി. നേഴ്സിംഗ്/ബി. എസ്.സി. നേഴ്സിംഗ് പാസ്സായിരിക്കണം.

കേരള സംസ്ഥാനത്തിനു പുറത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദ്യാഭ്യാസ യോഗ്യത നേടിയ അപേക്ഷകർ ബന്ധപ്പെട്ട സ്റ്റേറ്റ് നേഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

പ്രവേശന സമയത്ത് അപേക്ഷകർ കേരള നഴ്സസ് ആൻഡ് മിഡ്‌വൈഫ്സ് കൗൺസിലിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**4. വയസ്സ്**

അപേക്ഷാർത്ഥികളുടെ ഉയർന്ന പ്രായപരിധി 45 വയസ്സ് ആണ്. സർവ്വീസ് ക്വോട്ടയിലേയ്ക്കുള്ള അപേക്ഷാർത്ഥികൾക്ക് 49 വയസ്സാണ്. പ്രായപരിധി കണക്കാക്കുന്നത് കോഴ്സ് വിജ്ഞാപന തീയതിയെ അടിസ്ഥാനമാക്കി ആയിരിക്കും.

**5. അപേക്ഷാഫീസ്**

അപേക്ഷാഫീസ് താഴെ കൊടുത്തിരിക്കുന്നതു പ്രകാരമായിരിക്കും:

| | |
|---|---|
| **പൊതുവിഭാഗത്തിന്** | **: 1000 രൂപ** |
| **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്** | **: 500 രൂപ** |

**20.06.2008 ലെ GO (MS) W.25/2005/SCSTDD ഉത്തരവിലെ ക്ലോസ് 2 (ii) പ്രകാരം പ്രോസ്പെക്ടസിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഒരാൾ SC/ST വിഭാഗത്തിൽപ്പെടുന്ന മിശ്രവിവാഹിത ദമ്പതികളുടെ മക്കൾക്ക്, SC/ST വിഭാഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ, സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. ഇവർ SC/ST വിഭാഗത്തിനുള്ള അപേക്ഷാഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം റവന്യു അധികാരികളിൽ നിന്നും ലഭിച്ച മിശ്രവിവാഹ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.**

**6. അപേക്ഷാ സമർപ്പണം**

അപേക്ഷ സമർപ്പിക്കുന്നതിന് വിവിധ ഘട്ടങ്ങളുണ്ട്. അപേക്ഷകർ എല്ലാ ഘട്ടങ്ങളും നിർബന്ധമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതാണ്.

**6.1 രജിസ്ട്രേഷൻ**

അപേക്ഷകർ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് **'various allotments'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്തശേഷം **"Post Basic Diploma in Speciality courses 2024"** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. ഫീസ് അടയ്ക്കുന്നതിന് **'New Registration'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷാർത്ഥിയുടെ അടിസ്ഥാന വ്യക്തിഗതവിവരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുക. അപ്പോൾ കിട്ടുന്ന ആപ്ലിക്കേഷൻ നമ്പർ ഉപയോഗിച്ച് അപേക്ഷാഫീസ് അടയ്ക്കാവുന്നതാണ്. ഫീസ് ഓൺലൈനായോ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന ചെല്ലാൻ മുഖേനയോ അടയ്ക്കാം. ഓൺലൈനായി അടയ്ക്കുന്നവർക്ക് തുടർന്നു തന്നെ ഓൺലൈൻ ആപ്ലിക്കേഷൻ ഫോം പൂരിപ്പിക്കാവുന്നതാണ്. ചെല്ലാൻ വഴി ഫീസ് അടയ്ക്കുന്നവർക്ക് 24 മണിക്കൂർ കഴിഞ്ഞോ അല്ലെങ്കിൽ പറഞ്ഞിരിക്കുന്ന സമയത്തിനുശേഷമോ വെബ്സൈറ്റു വഴി ലോഗിൻ ചെയ്ത് ഫീസ് ഒടുക്കിയ വിവരങ്ങൾ രേഖപ്പെടുത്തി ആപ്ലിക്കേഷൻ ഫോം പൂരിപ്പിക്കുന്നത് തുടരാം. ഇതിനായി ബാങ്കിൽ ഫീസ് അടയ്ക്കുമ്പോൾ ലഭിക്കുന്ന ചെല്ലാൻ നമ്പർ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്.

| |
|---|
| ലോഗിൻ ചെയ്യാനുപയോഗിക്കുന്ന ആപ്ലിക്കേഷൻ നമ്പറും, രജിസ്ട്രേഷൻ ഐ.ഡിയും, പാസ്സ്‌വേർഡും അപേക്ഷാർത്ഥികൾ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. |

6.2 വ്യക്തിഗത വിവരങ്ങൾ (Personal Data) വിദ്യാഭ്യാസ യോഗ്യത (Academic Data) എന്നിവ രേഖപ്പെടുത്തുക.

വ്യക്തിഗത വിവരങ്ങൾ, യോഗ്യതാ പരീക്ഷാ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയതിൽ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ (To prove age, nativity, reservation/concession (if any) and marklist) ആണ്

ഈ ഘട്ടത്തിൽ അപ്‌ലോഡ് ചെയ്യേണ്ടത്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള എല്ലാ സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

6.3 അപേക്ഷയിൽ കൊടുത്തിട്ടുള്ള എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രം Final Confirmation നടത്തുക. Final Confirmation നു ശേഷം തിരുത്തലുകൾ അനുവദിക്കുന്നതല്ല. Final Confirmation നടത്തിയ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

## 7. സർവ്വീസ് ക്വാട്ടയിലുള്ളവർ അപേക്ഷകൾ സമർപ്പിക്കേണ്ട വിധം

സർവ്വീസ് ക്വാട്ടായിൽ അപേക്ഷിക്കുന്നവർ ഏതെങ്കിലും സർക്കാർ ട്രഷറിയിൽ "0210-03-105-99" എന്ന ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ അപേക്ഷാഫീസ് ഒടുക്കിയ ശേഷം എൽ.ബി.എസ്സ് സെന്ററിന്റെ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ **"Post Basic Diploma in Speciality courses 2024"** എന്ന പോ ട്ടലി **'New Registration'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷാർത്ഥിയുടെ അടിസ്ഥാന വ്യക്തിഗതവിവരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുക. അപ്പോൾ കിട്ടുന്ന ആപ്ലിക്കേഷൻ നമ്പർ ഉപയോഗിച്ച് സർവ്വീസ് ക്വാട്ടാ അപേക്ഷകർക്ക് വേണ്ടി മാത്രം നൽകിയിട്ടുള്ള പ്രത്യേക ലിങ്ക് വഴി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ ഓൺലൈനായി സമർപ്പിച്ചതിനുശേഷം അപേക്ഷാഫോറത്തിന്റെ പ്രിൻറും അനുബന്ധരേഖകളുടെ പകർപ്പും സഹിതം സ്വന്തം സ്ഥാപനത്തിലെ മേലധികാരികൾ വഴി ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന് ആപ്ലിക്കേഷൻ സമർപ്പിക്കാനുള്ള അവസാനതീയതിക്കു മുൻപായി സമർപ്പിക്കേണ്ടതാണ്.

## 8 പ്രവേശന പരീക്ഷ

പ്രവേശന പരീക്ഷ തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്. ഒബ്ജക്റ്റീവ് മാതൃകയിലുള്ള പരീക്ഷയായിരിക്കും. 90 മിനിറ്റ് ദൈർഘ്യത്തിൽ 100 ചോദ്യങ്ങൾ ഉൾപ്പെട്ടതായിരിക്കും പ്രവേശന പരീക്ഷ. പ്രവേശന പരീക്ഷാതീയതി പിന്നീട് വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിക്കുന്നതാണ്.

പ്രവേശന പരീക്ഷക്കുള്ള ഹാൾടിക്കറ്റ് എൽ.ബി.എസ്സ് സെന്ററിന്റെ വെബ്സൈറ്റിൽ നിന്നും അപേക്ഷകർക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഹാൾ ടിക്കറ്റ് തപാലിൽ അയക്കുന്നതല്ല. പ്രവേശന പരീക്ഷക്കു പങ്കെടുപ്പിക്കുന്നത് താൽക്കാലിക അടിസ്ഥാനത്തിൽ മാത്രമായിരിക്കും. പ്രവേശന പരീക്ഷയുടെ തീയതിയും സമയവും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. മറ്റ് വിശദാംശങ്ങൾ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

## 9. റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ

എൽ.ബി.എസ്സ് ഡയറക്ട നടത്തുന്ന ഒരു പൊതു പ്രവേശന പരീക്ഷയുടെയും അതിനു ശേഷം നടത്തുന്ന ഒരു നഴ്സിംഗ് സ്കിൽ ടെസ്റ്റിന്റെയും മാനദണ്ഡത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. സ്കിൽ ടെസ്റ്റിൽ യോഗ്യത നേടുന്നവരെ മാത്രമെ റാങ്ക് ലിസ്റ്റിൽ പ്രവേശനത്തിനായി പരിഗണിക്കപ്പെടുകയുള്ളൂ. പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ അപേക്ഷകർ സ്കിൽ ടെസ്റ്റിലും യോഗ്യത നേടിയിരിക്കണം.

## 10. കോളേജ് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിധം

റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്ന അപേക്ഷകർക്ക് മാത്രമേ കോളേജ് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇന്റർനെറ്റ് സൗകര്യമുള്ള ഏതു കംപ്യൂട്ടറിലും നിശ്ചിത സമയത്തിനുള്ളിൽ ഒപ്ഷൻ രജിസ്റ്റർ ചെയ്യാം. സമയപരിധിക്കുള്ളിൽ ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്ത അപേക്ഷകരെ അലോട്ട്മെന്റിനു വേണ്ടി പരിഗണിക്കുന്നതല്ല. ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ട സമയപരിധി വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലൂടെയും

പ്രസിദ്ധപ്പെടുത്തുന്നതാണ്. കോളേജ്, കോഴ്സ് എന്നിവയെ കുറിച്ചുള്ള വിശദ വിവരങ്ങൾ പ്രോസ്പെക്ടസിൽ ലഭ്യമാണ്.

**11. കേന്ദ്രീകൃത അലോട്ട്മെന്റ്**

റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന അപേക്ഷാർഥികൾ സമർപ്പിക്കുന്ന കോഴ്സ്/കോളേജ് ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെയായിരിക്കും പ്രവേശനം നടത്തുന്നത്.

12. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല.

13 അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

14. അലോട്ട്മെന്റ് സംബന്ധമായ വിജ്ഞാപനങ്ങളും, നിർദ്ദേശങ്ങളും അറിയുന്നതിന് അപേക്ഷകർ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റും മറ്റു അച്ചടി, ഇലക്ട്രോണിക്സ് മാധ്യമങ്ങളും നിരന്തരം ശ്രദ്ധിക്കേണ്ടതാണ്.

1/7/24

**മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ**

DIRECTOR
DIRECTORATE OF MEDICAL EDUCATION
KERALA STATE, THIRUVANANTHAPURAM

DIRECTORATE OF MEDICAL EDUCATION
KERALA, THIRUVANANTHAPURAM